**വ്യക്തിപരമായ വിശദീകരണം**

ഉത്തരത്തിലെ അവ്യക്തത

ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി (ശ്രീമതി കെ. കെ. ശൈലജ ടീച്ചർ): സർ, പതിനാലാം കേരള നിയമസഭയുടെ പതിനാലാം സമ്മേളനത്തിൽ 2019 ഫെബ്രുവരി 6-ാം തീയതിയിലെ നക്ഷത്രചിഹ്നമിട്ട 152-ാം നമ്പർ ചോദ്യത്തിന് നൽകിയ ഉത്തരത്തിൽ ചില അവ്യക്തതകൾ ഉണ്ടായിരുന്നു. അതിന് വിശദീകരണം നൽകിയതിനുശേഷം മേശപ്പുറത്ത് വയ്ക്കാം. അധികം ദീർഘിപ്പിക്കില്ല. ഇന്നലെ അഡീഷണൽ ആതറൈസേഷന്റെ ഫുട്നോട്ടിൽ വന്നിട്ടുള്ള കാര്യങ്ങൾ തെറ്റിദ്ധരിപ്പിക്കുന്ന രീതിയിലാണ് സഭയിൽ വന്നത്. അതായത് 2014-ൽ മനുഷ്യാവകാശ കമ്മീഷന്റെ ഒരു ഉത്തരവുണ്ടായിരുന്നു. മരണപ്പെട്ട കുട്ടികൾക്ക് ഒരു ലക്ഷം രൂപ വീതം കൊടുക്കണമെന്ന് പറഞ്ഞ് Protection of Human Rights Act-ന്റെ നിർദ്ദേശ പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചു. അതിന്റെ ഭാഗമായിട്ട് ഒരു ലക്ഷം രൂപ നമ്മൾ കൊടുക്കാൻ ബാധ്യസ്ഥരായിരുന്നു. 2014-ന് മുമ്പ് മരണപ്പെട്ട 38 കുട്ടികൾക്ക് ഒരു ലക്ഷം രൂപ വീതം കൊടുക്കാൻ ഉത്തരവിട്ടത് 26.04.2017-ൽ ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷമാണ്. 38 ലക്ഷം രൂപയും

കൊടുത്തു. കളക്ടർ 2014-ന് ശേഷം മരിച്ച കുട്ടികൾക്കും തുക കൊടുക്കണമെന്ന് പറഞ്ഞു. അങ്ങനെ ഒരു ലിസ്റ്റ് കൂടി സമർപ്പിച്ചു. 2014 മുതൽ 2017 മെയ് വരെ മരിച്ച കുട്ടികളുടെ എണ്ണമാണ് 34. 04-11-2017-ൽ ഹെൽത്ത് ഡിപ്പാർട്ട്മെന്റ് പുറപ്പെടുവിച്ച ഗവൺമെന്റ് ഉത്തരവ് പ്രകാരം 27 ലക്ഷം രൂപ കൊടുക്കാൻ ഉത്തരവിട്ടു. 27 ലക്ഷത്തിന് പുറമേ പിന്നെ 7 കുട്ടികൾക്ക് 7 ലക്ഷം രൂപ കൂടി കൊടുക്കാനുണ്ടായിരുന്നു. 2019 ഫെബ്രുവരി മാസം 5-ാം തീയതി വീണ്ടും ആ 7 ലക്ഷം കൊടുക്കാൻ ഉത്തരവിട്ടു. പക്ഷേ അവർ 6 ലക്ഷമാണ് അവസാനത്തെ ഉത്തരവിൽ അനുവദിച്ചത്. ഒരു കുട്ടിയുടെ മേൽവിലാസം സംബന്ധിച്ച കാര്യം പരിശോധിച്ച് വരികയാണ്. 2014 മുതൽ 2017 മേയ് വരെ മരിച്ച കുട്ടികളുടെ എണ്ണമാണ് 34. അപ്പോൾ അതിന് അഡീഷണൽ ആതറൈസേഷൻ അനുവദിച്ചു. ആ അഡീഷണൽ ആതറൈസേഷന്റെ ഫുട്നോട്ടായ് വിശദീകരണം കൊടുത്തതാണ് അട്ടപ്പാടിയിൽ മരിച്ച 34 കുട്ടികൾക്ക് ധനസഹായം എന്നത്. പിന്നെ ഞാൻ ഇവിടെ പറഞ്ഞ കണക്ക്, 2017-18-ൽ മരിച്ച 13 കുട്ടികളുടേതാണ്. അതിന്റെ മേൽവിലാസങ്ങൾ സഹിതം ഞാൻ മേശപ്പുറത്തുവയ്ക്കുന്നു+.

+ അനുബന്ധമായി ചേർക്കുന്നു.